**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 800** **26-07-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ മേഖലയിലെ കേന്ദ്ര ഫണ്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2020-21-വർഷത്തേക്ക് സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ മേഖലയിൽ ചെലവഴിക്കുന്നതിനായി കേന്ദ്ര ഗവണ്മെന്റിൽ നിന്നും അനുവദിച്ചിരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | 2020-21 സാമ്പത്തിക വർഷം പൊതു വിദ്യാഭ്യാസ മേഖലയിൽ ചെലവഴിക്ക ന്നതിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഉച്ചഭക്ഷണ പദ്ധതി - 27688.82 ലക്ഷം സമഗ്രശിക്ഷാ കേരള – 23838.59 ലക്ഷം പഢ്ന ലിഖ്ന അഭിയാൻ പദ്ധതി - 284.232 ലക്ഷം |
| (ബി) | 2020-21 വർഷത്തിൽ പൊതു വിദ്യാഭ്യാസ മേഖലയിൽ സർക്കാർ ചെലവഴിച്ച ആകെ തുക എത്രയാണ്; ഏതൊക്കെ മേഖലകളിലായാണ് ഈ തുക ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിൽ സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും എത്ര വീതമാണ്; | (ബി) | 2020-21 വർഷത്തിൽ ഉച്ചഭക്ഷണ പദ്ധതിക്കായി കേന്ദ്രവിഹിതത്തിൽ നിന്നും 17560.097 ലക്ഷം രൂപയും സംസ്ഥാന വിഹിതത്തിൽ നിന്നും 12969.021 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 'പഢ്ന ലിഖ്ന അഭിയാൻ' പദ്ധതിക്കായി കേന്ദ്രവിഹിതമായി 284.232 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 189.488ലക്ഷം രൂപയും അനുവദിച്ചു. കോവിഡ് 19 സാഹചര്യത്തിൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കാതിരുന്നതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. സമഗ്രശിക്ഷാ കേരള പദ്ധതിക്കായി കേന്ദ്രവിഹിതത്തിൽ നിന്നും 21746.1 ലക്ഷം രൂപയും സംസ്ഥാന വിഹിതത്തിൽ നിന്നും 13616.14 ലക്ഷം രൂപയും നീക്കിയിരിപ്പുണ്ടായിരുന്ന 8268.73 ലക്ഷം രൂപയും ചേർത്ത് ആകെ 43630.97 ലക്ഷം രൂപ ചെലവഴിച്ചു. ആദിവാസി മേഖലയിലുള്ള കുട്ടികളുടെ വിദ്യാഭ്യാസം നിർമ്മാണ പ്രവർത്തനങ്ങൾ സൗജന്യ പാഠപുസ്തകം സൗജന്യ യൂണിഫോം കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ്, ലൈബ്രറി ഗ്രാന്റ് സ്കൂളിനു പുറത്തുള്ള കുട്ടികളെ സ്കൂളിലെത്തിക്കൽ കമ്മ്യൂണിറ്റി മൊബിലൈസേഷൻ & മീഡിയ ക്വാളിറ്റി ഇന്റർവെൻഷൻസ് പഠന പരിപോഷണ പരിപാടി നൂതനാശയ പ്രവർത്തനങ്ങൾ രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ സ്പെഷ്യലിസ്റ്റ് അധ്യാപക നിയമനം അധ്യാപക പരിശീലനം പ്രീസ്കൂൾ വിദ്യാഭ്യാസം അസസ്മെന്റ് അറ്റ് നാഷണൽ & സ്റ്റേറ്റ് ലെവൽ |

| | | | |
|---|---|---|---|
| | | | വൊക്കേഷണൽ എഡ്യൂക്കേഷൻ പെൺകുട്ടികളുടെ വിദ്യാഭ്യാസം കായിക വിദ്യാഭ്യാസം ഉൾച്ചേർക്കൽ വിദ്യാഭ്യാസം ഡയറ്റ്, എസ്.സി.ഇ.ആർ.ടി യുടെ പ്രവർത്തനങ്ങൾ |
| (സി) | സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ ഉച്ചക്കഞ്ഞി വിതരണത്തിന് മാത്രമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര തുക വീതമാണെന്ന് അറിയിക്കുമോ? | (സി) | കേന്ദ്രവിഹിതം - 27688.82 ലക്ഷം സംസ്ഥാന വിഹിതം - 31600 ലക്ഷം |

സെക്ഷൻ ഓഫീസർ